# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.458 | 17.05.2017 ൽ മറുപടിയ്ക്ക്

### അവശ്യസാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് സംഭരിക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. സി. ദിവാകരൻ
ശ്രീ. മുഹമ്മദ് മുഹസിൻ. പി

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലി ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന അവശ്യസാധനങ്ങളുടെ സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സപ്ലൈകോ മാവേലി ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന അവശ്യസാധനങ്ങൾ ഇ-ടെൻഡർ മുഖേനയാണ് സംഭരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 56 ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ടെൻഡർ നടക്കുന്നതിന് 10 ദിവസം മുമ്പായി സപ്ലൈകോയുടെ വെബ്സൈറ്റിൽ ടെൻഡർ പ്രസിദ്ധീകരിക്കുകയും പ്രമുഖ ദേശീയ പത്രങ്ങളിൽ ടെൻഡർ ക്ഷണിച്ച വിവരം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ മാസവും അവശ്യസാധനങ്ങൾക്കായി ഡിപ്പോകളിൽ നിന്ന് ഇൻഡൻറുകൾ സ്വീകരിച്ച് ടെൻഡർ ക്ഷണിക്കുകയും, തുടർന്ന് ഇ-ടെൻഡറിനായി സപ്ലൈകോ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലൈയർമാർ ടെൻഡറിൽ പങ്കെടുക്കുകയുമാണ് ചെയ്യുന്നത്. സപ്ലൈയർമാർ ഉൽപന്നങ്ങളുടെ നിരക്കും അവർ നൽകാൻ ഉദ്ദേശിക്കുന്ന ഉൽപന്നങ്ങളുടെ അളവും ടെൻഡറിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ടെൻഡർ തുറന്നതിനു ശേഷം സപ്ലൈയർമാർ രേഖപ്പെടുത്തിയ നിരക്ക്, കേരളത്തിലെ വിവിധ മൊത്ത വിപണി വിലകൾ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, പത്രങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച വിപണി വിലകളുമായി താരതമ്യം ചെയ്യുന്നു. വിതരണക്കാർ രേഖപ്പെടുത്തിയ വിലകൾ തമ്മിൽ വലിയ അന്തരം ഉണ്ടാകുന്ന സാഹചര്യത്തിലും, വിതരണക്കാർ ഓഫർ ചെയ്ത ഉൽപന്നങ്ങളുടെ അളവ് പര്യാപ്തമല്ലാതെ വന്നാലും നെഗോസിയേഷൻ നടത്താറുണ്ട്. പരമാവധി രണ്ടു തവണയാണ് നെഗോസിയേഷന് അവസരം നൽകാറുള്ളത്. ഒന്നാമത്തെ നെഗോസിയേഷനിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാർക്ക് |

| | | | |
|---|---|---|---|
| | | | മാത്രമാണ് അവസരം നൽകുന്നത്. പ്രസ്തുത നെഗോസിയേഷനിൽ രേഖപ്പെടുത്തുന്ന വില തൃപ്തികരമല്ലെങ്കിൽ ടി ഇനത്തിൽ ടെൻഡറിൽ പങ്കെടുത്തിട്ടുള്ള എല്ലാ വിതരണക്കാരുമായും നെഗോസിയേഷൻ നടത്തി ഓൺലൈനായി ലിസ്റ്റ് കോസ്റ്റ് സൊല്യൂഷൻ തയ്യാറാക്കുകയും ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് അവശ്യ സാധനങ്ങൾ ഡിപ്പോകളിൽ വിതരണം ചെയ്യുന്നതിനായി പർച്ചേസ് ഓർഡർ നൽകുകയും ചെയ്യുന്നു. പഞ്ചസാരയ്ക്ക് ഒരേസമയം ഇ-ടെൻഡറിനു പുറമെ എൻ.സി.ഡി.ഇ.എക്സ്. (നാഷണൽ കമ്മോഡിറ്റി ആന്റ് ഡെറിവേറ്റീവ് എക്സ്ചേഞ്ച് ലിമിറ്റഡ്) മുഖേന ഇ-ഓക്ഷൻ നടത്തി നിരക്ക് ലഭ്യമാക്കുകയും ഇ-ടെൻഡർ & ഇ-ഓക്ഷനിൽ കൂടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് വിതരണത്തിന് കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു. |
| (ബി) | ഏതെല്ലാം സാധനങ്ങളാണ് ടെണ്ടർ ഒഴിവാക്കി, ഔട്ട് ലെറ്റ് മാനേജർ/ ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് വാങ്ങുന്നതെന്ന റിയിക്കുമോ; | (ബി) | ടെൻഡർ ഒഴിവാക്കി ഔട്ട് ലെറ്റ് മാനേജർ/ ഡിപ്പോ മാനേജർ എന്നിവർ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നത്. |
| (സി) | അമിത വിലക്കയറ്റം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് കോർപ്പറേഷൻ നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ടെൻഡർ നടപടികൾ ഒഴിവാക്കിക്കൊണ്ട് സാധനങ്ങൾ വാങ്ങുന്നതിന് നിലവിലെ സാഹചര്യം അനുവദിക്കുന്നില്ല. നിലവിലുള്ള വ്യവസ്ഥ പ്രകാരം 5 ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ പർച്ചേസുകളും ഇ-ടെൻഡർ മുഖേനയാണ് നടത്തേണ്ടത്. എന്നാലും അമിത വിലക്കയറ്റം തടയുന്നതിന് കുറഞ്ഞ വിലയിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുള്ളവരെക്കൂടി ഇ-ടെൻഡർ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ